**SY 2002**

**Reg. No. : ....................................**

**Name : .........................................**

# SECOND YEAR HIGHER SECONDARY EQUIVALENCY EXAMINATION, JULY 2025

## Part – II

## MALAYALAM

**Maximum : 80 Scores**

Time : 2½ Hours
Cool-off Time : 15 Minutes

---

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**Score**

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉചിതമായ ഒരുത്തരം തിരഞ്ഞെടുത്തെഴുതുക. (സ്കോർ 1 വീതം).** **(5×1=5)**

**1.** 'കൊല്ലിക്കയത്രേ നിനക്കു രസമെടോ' – കൃഷ്ണനെ കുറ്റപ്പെടുത്തിക്കൊണ്ടുള്ള ഈ പരാമർശം ആരുടെതാണ് ?

(ധൃതരാഷ്ട്രർ, ഗാന്ധാരി, കർണ്ണൻ)

**2.** അഗ്നിച്ചിറകുകൾ എന്ന ഗ്രന്ഥത്തിന്റെ രചയിതാവാര് ?

(ഡോ. എ. പി. ജെ. അബ്ദുൾ കലാം, കെ. ആർ. നാരായണൻ, ഡോ. രാജേന്ദ്രപ്രസാദ്)

Score

3. ജനാധിപത്യത്തിന്റെ നാലാം തൂണായി വിശേഷിപ്പിക്കുന്നതെന്തിനെയാണ് ?

(നാടകം, സിനിമ, മാധ്യമം)

4. 'പ്രകാശം പരത്തുന്ന പെൺകുട്ടി' – എന്ന കഥ എഴുതിയതാര് ?

(പുനത്തിൽ കുഞ്ഞബ്ദുള്ള, എം. മുകുന്ദൻ, ടി. പത്മനാഭൻ)

5. ഉദ്ബോധനം എന്ന കവിതയിൽ, നട്ടെല്ലു വളയ്ക്കാതെ എന്തു ചെയ്യണമെന്നാണ് കവി പറയുന്നത് ?

(ധീരനായി മുന്നോട്ടു ചാടിക്കുതിക്കാൻ, വിശ്രമമാണ് ജീവിത വിജയം, പ്രതികരിക്കാതിരിക്കലാണ് നല്ലത്)

6. മണ്ണിന്റെ വളക്കൂറ് കുറയ്ക്കുന്നതിന്റെ പ്രധാന കാരണമായി കണ്ടെത്തുന്നതെന്താണ് ?

(അമിതമായ രാസവള ഉപയോഗം, ജൈവവള പ്രയോഗം, കൃത്യമായ പരിചരണം)

7. **ചേരുംപടി ചേർക്കുക. (സ്കോർ 1 വീതം).** **(5×1=5)**

| | |
|---|---|
| എ) തകഴി ശിവശങ്കരപിള്ള | ഉപ്പന്റെ കൂവൽ വരയ്ക്കുന്നു |
| ബി) മാർഗംകളി | മാതൃത്വത്തിന്റെ പ്രതീകം |
| സി) എം. ടി. വാസുദേവൻ നായർ | ചെമ്മീൻ |
| ഡി) തള്ളക്കോഴി | സുകൃതം |
| ഇ) എസ്. ജോസഫ് | നാടൻ കല |

Score

**താഴെ ചേർത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് 8 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം എഴുതുക. (സ്കോർ 2 വീതം).** **(3×2=6)**

നമ്മുടെ മാധ്യമങ്ങൾക്ക് കല്ലച്ചിൽ അച്ചടിച്ചിരുന്ന പൂർവകാലം മുതൽ നവമാധ്യമങ്ങൾ വരെയുള്ള സുദീർഘമായ ചരിത്രമുണ്ട്. പരമ്പരാഗത രീതിയിൽ പുതിയ സാങ്കേതങ്ങളു പയോഗിച്ച് ആശയ വിനിമയം ചെയ്യുന്ന സമ്പ്രദായം ഇന്നും നിലനിൽക്കുന്നു. നവീന പത്രമാസികകളുടെ ചരിത്രം ആരംഭിക്കുന്നത് വ്യവസായ വിപ്ലവത്തോടെയാണ്. മുതലാ ളിത്ത വ്യവസ്ഥിതിയുമായി ചേർന്നു നിന്നുകൊണ്ടാണ് അന്നത്തെ വളർച്ച. ഇരുപത്തിയഞ്ച് ലക്ഷത്തോളം പത്രങ്ങളാണ് നിത്യേന കേരളത്തിൽ വിറ്റഴിക്കപ്പെടുന്നത്. മലയാളികളുടെ ഇഷ്ടപ്പെട്ട സാംസ്കാരിക മുദ്ര പത്രവായനയാണ്.

**8.** ആദ്യകാലത്ത് പത്രമാധ്യമങ്ങൾ അച്ചടിച്ചത് ഏത് തരം ഉപകരണം ഉപയോഗിച്ചാണ് ?

**9.** നവീന പത്രമാസികകളുടെ ആരംഭം കുറിച്ചത് ഏതു കാലത്താണ് ?

**10.** പത്രമാധ്യമത്തിന്റെ വളർച്ചയുടെ പടവുകൾ ഏതുമായി ബന്ധപ്പെട്ടാണ് ?

**11 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. (സ്കോർ 2 വീതം).** **(5×2=10)**

**11.** 'പെങ്ങൾ' എന്ന കവിതയിലെ കൈയിൽ കെട്ടിയിരിക്കുന്ന രാഖിയെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

Score

12. 'വ്യവസ്ഥിതിയെ മാറ്റിത്തീർക്കാൻ നിങ്ങൾ നിശ്ചയിച്ചു കഴിഞ്ഞാൽപ്പിന്നെ ഇത്തരം പ്രശ്നങ്ങളെ നേരിടേണ്ടി വരും'. 'ഉദാത്തമായ സന്ദേശങ്ങൾ' എന്ന പാഠഭാഗത്തെ ഈ വാക്കുകൾ ആരുടേതാണ് ?

13. 'കോഴി' എന്ന കവിതയിൽ പറയുന്ന കാടിനുള്ളിൽ പതുങ്ങിയിരിക്കുന്നതാരാണ് ?

14. മുരിങ്ങമരം വീടിനോട് ചേർന്ന് നടാനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു ?

15. നാടോടികൾ ഉറങ്ങുന്നത് എവിടെയാണ് ?

16. ഗൗളിജന്മത്തിലെ 'സന്ദർശക'യെക്കുറിച്ചുള്ള നിങ്ങളുടെ നിരീക്ഷണങ്ങളിലൊന്ന് എഴുതുക.

17. **താഴെ നൽകിയിട്ടുള്ള സൂചനകൾക്ക് നേരെ ഉചിതമായ രണ്ടുത്തരങ്ങൾ കണ്ടെത്തിയെഴുതുക. (സ്കോർ 2 വീതം).** **(5×2=10)**

എ) എഴുത്തച്ഛൻ ____________, ____________

ബി) തകഴി ____________, ____________

സി) ഡോ. വി. പി. ഗംഗാധരൻ ____________, ____________

ഡി) ഉള്ളൂർ ____________, ____________

ഇ) ഗ്രേസി ____________, ____________

- രണ്ടു സ്വപ്നദർശികൾ
- സാമൂഹ്യ ശുദ്ധീകരണം

Score

- ക്ലാസിക്കൽ ശൈലി
- കിരണാവലി
- ഖാദർ സായ്‌വ്
- ജീവിതമെന്ന അത്ഭുതം
- ഗാന്ധാരി വിലാപം
- മഹാഭാരതം കിളിപ്പാട്ട്
- ജ്ഞാനപീഠ പുരസ്കാരം
- രണ്ടിടങ്ങഴി

**18 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 4 എണ്ണത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (സ്കോർ 4 വീതം).** **(4×4=16)**

**18.** തകഴിയുടെ 'വെള്ളപ്പൊക്ക'ത്തിലെ നായയുടെ യജമാന സ്നേഹം പ്രകടമാകുന്ന ഏതാനും സന്ദർഭങ്ങൾ എഴുതുക.

**19.** 'ഉദാത്തമായ സന്ദേശങ്ങൾ' എന്ന പാഠഭാഗം നൽകുന്ന തിരിച്ചറിവുകൾ കണ്ടെത്തിയെഴുതുക.

**20.** 'വളയിട്ട കൈകൾ' എന്ന പാഠഭാഗത്ത് പരിചയപ്പെടുത്തുന്ന കലകളെക്കുറിച്ചുള്ള ഒരു വിവരണം തയ്യാറാക്കുക.

Score

21. 'കാലത്തെയും തോല്പിക്കാനുള്ള കെല്പ് ഒന്നിനുമാത്രമേയുള്ളു' 'അതിരുകളില്ലാത്ത സ്നേഹത്തിന് ' – പാഠഭാഗത്തെ മുൻനിർത്തി വിശദമാക്കുക.

22. ഒരു ചെറുമരത്തിന്റെ വീഴ്ചയിൽ വേദനിക്കുന്ന മനുഷ്യന്റെ കഥ പറയുകയാണ് ടി. പത്മനാഭൻ 'ജീവന്റെ വഴി' എന്ന കഥയിൽ. പ്രതികരണം എഴുതുക.

23. 'ജൈവകൃഷി' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ? വിശദീകരിക്കുക.

**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (സ്കോർ 6 വീതം).** **(2×6=12)**

24. അല്ലൽപൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി –
ലില്ലയോ ഖേദം ചെറുതു നിൻ മാനസേ ?
കൃഷ്ണനോടുള്ള ഗാന്ധാരിയുടെ ഈ ചോദ്യത്തോട് നിങ്ങളുടെ പ്രതികരണം കുറിപ്പായി എഴുതുക.

25. 'മരുന്നല്ല മനസ്സാണ് രോഗത്തെ അടുക്കുന്നത് ' ഡോ. ഉണ്ണിയുടെ അഭിപ്രായത്തെ മുൻനിർത്തി സ്വാഭിപ്രായം രേഖപ്പെടുത്തുക.

26. 'ലോകമേ തറവാട് ' എന്ന വിശാലമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് നാടോടികളും വീട്ടുകാരും എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

Score

**27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (സ്കോർ 8 വീതം).**

**(2×8=16)**

**27.** സ്നേഹവാത്സല്യങ്ങളുടെ നഷ്ടപ്പെടലുകളെക്കുറിച്ചുള്ള ആധിയാണോ 'പെങ്ങൾ' എന്ന കവിത നൽകുന്ന സന്ദേശം ? നിരീക്ഷണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**28.** സ്ത്രീ സ്വാതന്ത്ര്യം, സുരക്ഷിതബോധം, സാമൂഹ്യ പദവി തുടങ്ങിയ ജീവിത പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന കവിതയാണോ 'കോഴി' ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

**29.** സാമൂഹിക വൈകല്യങ്ങളെ പരസ്യ വിചാരണ നടത്തുകയാണ് 'ഗൗളിജൻമം' എന്ന കഥയിലൂടെ ഗ്രേസി. കഥ വിശകലനം ചെയ്ത് സ്വാഭിപ്രായം എഴുതുക.